# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5275

05.07.2012-ൽ മറുപടിയ്ക്ക്

### സാമൂഹിക വനവൽക്കരണവും വനസംരക്ഷണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സാമൂഹിക വന വൽക്കരണത്തിന്റെയും വനസംരക്ഷണത്തിന്റെയും ഭാഗമായി ഇപ്പോൾ നടന്നുവരുന്ന പ്രധാന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്. ; | എ) സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി ഹരിത കേരളം പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിവരുന്ന വൃക്ഷവൽക്കരണ പദ്ധതിയിൽ സ്കൂളുകൾ, കോളേജുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മത, യുവജന രാഷ്ട്രീയ സംഘടനകൾ, പത്ര മാധ്യമങ്ങൾ എന്നിവർ മുഖേനയുള്ള വൃക്ഷ വൽക്കരണ പദ്ധതി, വഴിയോരത്തണൽ എന്നീ പദ്ധതികളും, ഇടുക്കിയിലെ മഴനിഴൽ പ്രദേശത്ത് വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയും നടപ്പാക്കിവരുന്നു. കൂടാതെ സ്വകാര്യ ഭൂമിയിൽ തൈകൾ നട്ടുവളർത്തുന്നതിനുള്ള പ്രോത്സാഹന ധനസഹായ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.<br><br>വന സംരക്ഷണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>1. വനമേഖലകളിൽ പെട്രോളിംഗ് നടത്തുക.<br>2. ചെക്ക് പോസ്റ്റുകൾ വഴി കർശന പരിശോധന നടത്തുക.<br>3. ആന്റി പോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക.<br>4. തദ്ദേശീയരായ വാച്ചർമാരുടേയും, വനസംരക്ഷണ സമിതികളുടേയും, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളുടേയും സഹായത്തോടെ രാത്രികാല റോന്ത് ചുറ്റലും വന പരിശോധനയും നടത്തുക.<br>5. സംരക്ഷണ ജീവനക്കാർക്ക് ആവശ്യമായ വാഹനങ്ങൾ, ആയുധങ്ങൾ, വാർത്താ വിനിമയ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി വന |

സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക

6. വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ കൃത്യ നിർവ്വഹണത്തിനുവേണ്ടി ഫോറസ്റ്റ് സ്റ്റേഷനുകളിലേക്കും, റെയിഞ്ചുകളിലേക്കും റൈഫിൾ,റിവോൾവർ, ഫോൺ, പി.ഡി.എ. വയർലസ് സെറ്റ്, ബൈനോക്കുലർ, നൈറ്റ്വിഷൻ ഉപകരണം, ജി.പി.എസ്, റെയ്ഞ്ച് ഫൈന്റർ, സേർച്ച് ലൈറ്റ്, കാമറ എന്നീ ഉപകരണങ്ങളും നൽകി വനസംരക്ഷണ പ്രവർത്തനം നടത്തി വരുന്നു.

| | |
|---|---|
| ബി) ഈ സംരക്ഷണ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനായി ഓരോ പഞ്ചായത്തോ, മുനിസിപ്പാലിറ്റിയോ, താലൂക്കോ കേന്ദ്രീകരിച്ച് ഉപയോഗ ശൂന്യമായി കിടക്കുന്ന അഞ്ചോ അതിലധികമോ ഏക്കർ ഭൂമി ഏറ്റെടുത്ത് അവിടെ പ്രകൃതിദത്തമായ ആവാസ വ്യവസ്ഥകളോടുകൂടിയ നിബിഢവനം നിർമ്മിക്കുന്ന കാര്യം ആലോചിക്കുമോ ? | ബി) സ്ഥലത്തിന്റേയും ഫണ്ടിന്റെയും ലഭ്യതയനുസരിച്ച് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ